പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 329 — 17.12.2015-ൽ മറുപടിക്ക്

## സുരക്ഷിത സ്ത്രീ യാത്രാ പദ്ധതി

**ചോദ്യം**

ശ്രീ. ഹൈബി ഈഡൻ :
" വി.ഡി സതീശൻ :
" വി.റ്റി. ബൽറാം :
" എ.റ്റി. ജോർജ് :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി സുരക്ഷിത സ്ത്രീ യാത്രാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) യും (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിലും യാത്രക്കിടയിൽ ബസുകളിലും സ്ത്രീകളുടെ സുരക്ഷിതത്വത്തിനായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. കെ.എസ്.ആർ.ടി.സി.യുടെ എല്ലാ പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിലും സ്ത്രീകൾക്കായി വിശ്രമമുറിയും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. സ്ത്രീ യാത്രക്കാർ രാത്രി കാലങ്ങളിൽ ഒറ്റപ്പെട്ടുപോയാൽ സുരക്ഷിതരായി വിശ്രമിക്കാനായി ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.<br>രാത്രികാലങ്ങളിൽ യാത്രക്കാർ പ്രത്യേകിച്ച് സ്ത്രീകൾ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ രാത്രി 08.00 മണി മുതൽ രാവിലെ 06.00 മണി വരെ എല്ലാത്തരം സർവ്വീസുകളും നിർത്തി അവരെ ഇറക്കേണ്ടതാണെന്ന കർശന നിർദ്ദേശം കെ.എസ്.ആർ.ടി.സി നൽകിയിട്ടുണ്ട്. റിസർവേഷൻ സൗകര്യമില്ലാത്ത സർവ്വീസുകളിലും 25 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ഇത് മുതിർന്ന വനിതകൾക്കും കൈക്കുഞ്ഞുമായി കയറുന്ന അമ്മമാർക്കും സംവരണം ചെയ്തിട്ടുള്ള സീറ്റുകൾക്ക് പുറമെയാണ്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

| | | | |
|---|---|---|---|
| | | | റിസർവ്വേഷൻ സൗകര്യമുള്ള സൂപ്പർക്ലാസ് സർവ്വീസുകളിൽ ഡ്രൈവറുടെ തൊട്ടുപുറകിലുള്ള 3 സീറ്റുകൾ സ്ത്രീകൾക്കു മാത്രമായി സംവരണം ചെയ്തിട്ടുണ്ട്. അതിനു പുറകിലുള്ള 9 സീറ്റുകൾ മുൻഗണനാക്രമത്തിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുമുണ്ട്. ബസ് യാത്ര പുറപ്പെടുമ്പോൾ മുൻഗണനാക്രമത്തിലുള്ള സീറ്റുകളിൽ ഇരുന്ന് യാത്ര ചെയ്യുന്ന സ്ത്രീ യാത്രക്കാർ ഇല്ലായെങ്കിൽ പുരുഷൻമാർക്ക് ഉപയോഗിക്കാവുന്നതും, യാത്രക്കിടയിൽ സ്ത്രീ യാത്രക്കാർ കയറുമ്പോൾ അവർ ആവശ്യപ്പെട്ടാൽ, പുരുഷയാത്രക്കാർ സ്ത്രീകൾക്കായി ഒഴിഞ്ഞു കൊടുക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി.യുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപ്പിലാക്കി വരുന്നുണ്ട്. |

Deepthi

സെക്ഷൻ ഓഫീസർ